നിൽ നിന്നും സമാധാനം വാങ്ങിയിട്ടുണ്ട്. ആ സമാധാനവും റിപ്പോർട്ടും എൻക്വയറി ഡിപ്പാർട്ടുമെൻറ് സെക്രട്ടറിയുടെ ചർച്ചയിലിരിക്കുകയാണ്. പ്രസ്തുത സെക്രട്ടറിയുടെ റിപ്പോർട്ട് കിട്ടാതെ ഇതു സംബന്ധിച്ച് കൂടുതലൊന്നും തന്നെ ഇപ്പോൾ പറയുക സാദ്ധ്യമല്ല.

ടെക്സ്റ്റ്ബുക്കുകൾ ലഭിക്കുന്നതിനുള്ള താമസം.

*170. [60] ശ്രീ. ടി. ഒ. ബാവാ: താഴെ പറയുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ?

(എ) ഈ സ്കൂൾവർഷാരംഭത്തിൽ പ്രൈമറിസ്കൂൾ വിദ്യാർത്ഥികൾക്ക് ടെക്സ്റ്റ്ബുക്കുകൾ ലഭിക്കുന്നതിന് പല സ്ഥലങ്ങളിലും വളരെ കാലതാമസം നേരിട്ട വിവരം ഗവണ്മെൻറിൻെറ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇങ്ങനെ പുസ്തകങ്ങൾ കാലാകാലങ്ങളിൽ ലഭിക്കാതിരിക്കുന്നതിൻെറ കാരണം എന്താണ്?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ&ബി) പ്രൈമറിസ്കൂളുകളിലേയ്ക്ക് ആവശ്യമുള്ള മിക്ക പുസ്തകങ്ങളും പള്ളിക്കൂടം തുറക്കുന്നതിനു മുമ്പുതന്നെ വിതരണം ചെയ്തിട്ടുണ്ടായിരുന്നു. എല്ലാ പുസ്തകങ്ങളുടേയും അച്ചടി ഗവണ്മെൻറ് പ്രസ്സുകളിൽത്തന്നെ നടത്തിയിരുന്നതുകൊണ്ടും കഴിഞ്ഞകൊല്ലത്തെ അപേക്ഷിച്ച് കൂടുതൽ പുസ്തകങ്ങൾ വേണ്ടിയിരുന്നതുകൊണ്ടും ആവശ്യമുള്ളിടത്തോളം എണ്ണം തയ്യാറാക്കുന്നതിന് അൽപ്പം കാലതാമസം നേരിടുകയുണ്ടായി. മേലാൽ ഇപ്രകാരം കാലതാമസം നേരിടാതിരിക്കാൻ വേണ്ട നടപടികൾ എടുത്തിട്ടുണ്ട്.

മൂന്നാംഫാറത്തിൽ പാസ്സായ കുട്ടികൾ.

*171. [61] ശ്രീ. ടി. ഒ. ബാവാ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി പറയുമോ:

(എ) 1955-ലെ വാർഷികപ്പരീക്ഷയിൽ മൂന്നാംഫാറത്തിൽ നിന്നും എത്ര ശതമാനം കുട്ടികൾ പാസ്സായിട്ടുണ്ട്;

(ബി) മിഡിൽസ്കൂൾ ക്ലാസ്സുകളിൽനിന്നും ഒരു നിശ്ചിത ശതമാനം കുട്ടികളെ പാസ്സാക്കണമെന്നു വിദ്യാഭ്യാസ ഡയറക്ടർ വല്ല നിർദ്ദേശവും പരീക്ഷകർക്ക് നൽകിയിട്ടുണ്ടോ;

(സി) ഉണ്ടെങ്കിൽ എത്ര ശതമാനം?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) 74 ശതമാനം.

(ബി) ഇല്ല.

(സി) ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly